ഉത്തരം

കൊപ്രയുടെ താങ്ങുവില മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 4,600 രൂപയും ഉണ്ട കൊപ്രയ്ക്ക് 4,800 രൂപയുമായി നിശ്ചയിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര കാർഷിക വിലനിർണ്ണയ കമ്മീഷന് വിശദമായ പ്രൊപ്പോസൽ അയച്ചു. പ്രസ്തുത നിർദ്ദേശങ്ങൾ പഠിക്കുന്നതിനും ചർച്ച ചെയ്യുന്നതിനുമായി ടി കമ്മീഷന്റെ ചെയർമാനും ഒരു മെമ്പറും മെമ്പർ സെക്രട്ടറിയും 2002 ഒക്ടോബറിൽ സംസ്ഥാനം സന്ദർശിച്ചപ്പോൾ സംസ്ഥാനത്തിന്റെ ആവശ്യം കമ്മീഷനെ ബോദ്ധ്യപ്പെടുത്തി. കൂടാതെ ഈ ആവശ്യമനുസരിച്ച് കേന്ദ്രസർക്കാരിനു കത്തെഴുതുകയും എം. പി. മാർ വഴി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താൻ നടപടി കൈക്കൊള്ളുകയും ചെയ്തു.

പാമോയിലിന്റെ ഇറക്കുമതിച്ചുങ്കം കുറച്ച നടപടി

71 (4110) ശ്രീ. പി. ടി. തോമസ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എം. മുരളി :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാമോയിലിന്റെ ഇറക്കുമതി ചുങ്കം കുറച്ചതു മൂലം വെളിച്ചെണ്ണ വിപണി നേരിടുന്ന പ്രതിസന്ധിയെപ്പറ്റി കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്രം എന്തെല്ലാം ഉറപ്പുകൾ നൽകിയിട്ടുണ്ട് എന്നു വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത ഉറപ്പുകൾ നടപ്പാക്കിത്തുടങ്ങിയോ ;

(ഡി) ഈ വർഷം ഇതുവരെ എത്ര പാമോയിൽ ഇറക്കുമതി ചെയ്തു എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടു.

(ബി-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പച്ചക്കറി മാർക്കറ്റുകൾ

72 (4111) ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ യൂറോപ്യൻ ഇക്കോണിക് കമ്മ്യൂണിറ്റിയുടെ ധനസഹായത്തോടെ സ്ഥാപിച്ച പച്ചക്കറി മാർക്കറ്റുകൾക്ക് എത്ര രൂപ ഗ്രാന്റായും ലോണായും ലഭിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ മാർക്കറ്റുകളുടെ പ്രവർത്തനം എവിടെയെല്ലാം പൂർത്തിയായിട്ടുണ്ട്;

(സി) ഈ മാർക്കറ്റുകളുടെ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഡി) പ്രസ്തുത പച്ചക്കറി മാർക്കറ്റുകൾ നടത്തുന്നതിനെ കുറിച്ച് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) മൊത്തം 66.79 കോടി രൂപ ചെലവായതിൽ 32.38 കോടി രൂപ ഇ. ഇ. സി. യുടെ ധനസഹായമാണ്. കേന്ദ്ര സർക്കാരിന്റെ അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ് പദ്ധതി പ്രകാരമാണ് സംസ്ഥാനത്തിന് തുക അനുവദിച്ചിട്ടുള്ളത്. ഇത് 70% ലോണായും 30% ഗ്രാന്റായുമാണ് സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ളത്.

(ബി&സി) തിരുവനന്തപുരം ജില്ലയിലെ ആനയറ, നെടുമങ്ങാട് എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ, മരട് എന്നീ മൊത്ത വ്യാപാര വിപണികളുടെ നിർമ്മാണം പൂർത്തീകരിച്ച് കൃഷി വകുപ്പ് ഡയറക്ടർക്ക് പ്രവർത്തനം ആരംഭിക്കുവാൻ കൈമാറിയിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ വേങ്ങേരി, വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി എന്നീ മൊത്ത വ്യാപാര വിപണികളിൽ ഇലക്ട്രിക് കണക്ഷനെ സംബന്ധിച്ച് തർക്കം നിലനിൽക്കുന്നതിനാൽ ഈ വിപണികൾ കൃഷി വകുപ്പ് ഡയറക്ടർക്ക് കൈമാറിയിട്ടില്ല. കൃഷി വകുപ്പ് ഡയറക്ടർക്ക് കൈമാറിയ 4 മൊത്ത വ്യാപാര വിപണിയിൽ മൂവാറ്റുപുഴ വിപണി ഭാഗികമായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മറ്റു വിപണികളുടെ പ്രവർത്തനം ആരംഭിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നു വരുന്നു.

(ഡി) ഉണ്ട്.

(ഇ) ജില്ലാ കളക്ടർ ചെയർമാനും മാർക്കറ്റ് സെക്രട്ടറി കൺവീനറുമായുള്ള മാർക്കറ്റ് അതോറിറ്റിയാണ് ഓരോ മാർക്കറ്റുകളുടേയും പ്രവർത്തനം നിയന്ത്രിക്കുന്നത്.

കാർഷികോല്പന്നങ്ങളുടെ മൊത്ത വിപണനം സുതാര്യമാക്കി കർഷകരുടെ ഉല്പന്നങ്ങൾ ഇടത്തട്ടുകാരെ ഒഴിവാക്കി വിപണനം സാദ്ധ്യമാക്കുക എന്നുള്ളതാണ് ഇതിന്റെ ലക്ഷ്യം. കൂടാതെ കാർഷികോൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനാവശ്യമായ ഗ്രേഡിംഗ്, ബ്രാന്റിംഗ് മുതലായവ നടപ്പാക്കി കാർഷികോല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കാനും ഈ മാർക്കറ്റുകൾ വഴി കഴിയുന്നതാണ്. കൂടാതെ വില വ്യതിയാനങ്ങൾ കർഷകരേയും കച്ചവടക്കാരേയും അറിയിക്കുന്നതിനും കാർഷികോല്പന്നങ്ങളുടെ കയറ്റുമതി പ്രോൽസാഹിപ്പിക്കുന്നതിനും ഈ മാർക്കറ്റുകൾ പ്രയോജനപ്പെടുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly